(ഈ) ഒരാളെ.

(എഫ്) ഇല്ല.

(ജി) റവന്യൂ ഡിപ്പാർട്ടുമെന്റിൽതന്നെ സീനിയോറിട്ടി ക്രമമനുസരിച്ച് ഇപ്പോൾ ഉള്ളതും ഭാവിയിൽ ഉണ്ടാകാവുന്നതുമായ ഒഴിവുകളിൽ ഇവരെ നിയമിക്കാൻ ഉത്തരവു ഇട്ടിട്ടുണ്ട്.

ഗവണ്മെന്റിന്റെ വ്യവസായനയം.

* 761. (14) ശ്രീ. കെ. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ച് ഗവണ്മെന്റിനു് എന്തെങ്കിലും വ്യക്തമായ പരിപാടികൾ ഉണ്ടോ;

(ബി) ഗവണ്മെന്റിന്റെ പൊതുവായ വ്യവസായനയം എന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) വലുതും ചെറുതുമായ വ്യവസായങ്ങൾ സ്ഥാപിച്ചു് തൊഴിലില്ലായ്മക്കു പരിഹാരമുണ്ടാക്കുകയും ജനങ്ങളുടെ ജീവിതത്തോതു് ഉയർത്തുകയും ചെയ്യുക എന്നുള്ളതാണു് ഗവണ്മെന്റിന്റെ നയം.

ഡിസ്ട്രിക്റ്റ് ബോർഡുകൾ.

* 762. [16] ശ്രീ. പ്രാക്കുളം ജോസി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യയിലെ മിക്ക സ്റ്റേറ്റുകളിലും നിലവിലുള്ള ഡിസ്ട്രിക്റ്റ് ബോർഡുകൾ ഈ സ്റ്റേറ്റിൽ സ്ഥാപിക്കാൻ ഈ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്താണു്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഡിസ്ട്രിക്റ്റ് ബോർഡുകൾ ഈ സ്റ്റേറ്റിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നില്ല.

(ബി) മിക്കവാറും എല്ലാ പട്ടണങ്ങളും മുനിസിപ്പൽ ടൗൺകളാണു്. മുനിസിപ്പൽ ടൗണുകളല്ലാത്ത എല്ലാ സ്ഥലങ്ങളും, പഞ്ചായത്തുകളുടെ കീഴിലാക്കിയിട്ടുണ്ടു്. അങ്ങിനെ നോക്കുമ്പോൾ ഈ സ്റ്റേറ്റിലെ എല്ലാ ഭാഗവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഭരണത്തിൻകീഴിലാണു്. ആയതിനാൽ ഡിസ്ട്രിക്റ്റ് ബോർഡുകളുടെ ആവശ്യമില്ല.

Waiting Sheds.

*763. [17] **Shri K. M. George:** Will the Minister for Works be pleased to state: How may waiting sheds for the travelling public have been built in 1954-55 and where?

Minister for Works (**Shri K. I. Velayudhan**): Five; at Oachira, Changamanadu, Kottiyam, Ambalapuza, Kallampalam.

LIBRARY ARCHIVES Kerala Legislative Assembly